പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2847 20.03.2015-ൽ മറുപടി

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.ജെയിംസ് മാത്യു

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ബജറ്റിൽ ഇതുവരെ നീക്കിവച്ച തുകയെത്ര; ഇതിനകം ഖജനാവിൽ നിന്നും ഈ ആവശ്യത്തിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ ഇതുവരെ നീക്കി വച്ചിരുന്ന തുക<br>2012-13 – 6.50 കോടി രൂപ<br>2013-14 - 3.00 കോടി രൂപ<br>2014-15 - 10 കോടി രൂപ<br>പദ്ധതിയുടെ ആവശ്യത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 4,50,67,499/- രൂപ ചെലവാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 3,11,64,039/- രൂപ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. 31.03.2015 വരെ തുക വിനിയോഗിക്കാൻ കഴിയുമെന്നുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ ചെലവ് ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയില്ല. |
| (ബി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി വില കൊടുത്ത് വാങ്ങാൻ ഈ തുക ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ; | പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് ഭൂമി വിലകൊടുത്ത് വാങ്ങിയിട്ടില്ല. |
| (സി) | ബജറ്റിൽ വകയിരുത്തിയ തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകമോ? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമായാണ് വിനിയോഗിച്ച് വരുന്നത് |

സെക്ഷൻ ഓഫീസർ